# വർഗ്ഗീസ്: മറവിയും ഓർമ്മയും

ഇ.എസ്.സിദ്ധാർത്ഥൻ

ഞങ്ങൾ വർഗ്ഗീസിന്റെ തലമുറയിൽപ്പെട്ടവരല്ല. കേരളത്തിന്റെ ബൊളീവിയൻ കാടായ വയനാട്ടിൽ വർഗ്ഗീസ് വെടിയേറ്റ് വീഴുമ്പോൾ ഞങ്ങൾ അക്ഷരത്തിന്റെ ലോകത്തിൽ എത്തിയിട്ടില്ല... വേലികളിലെ തുമ്പിപിടിച്ചും കളിമണ്ണുകൊണ്ട് മണ്ണപ്പം ചുട്ടും മുത്തശ്ശിക്കഥകൾക്ക് കാതോർക്കുന്ന കാലം.

വായിച്ചും അറിഞ്ഞും അനുഭവിച്ചും ഞങ്ങൾ വിപ്ലവകാരികളുടെ അനന്തര തലമുറകളിലൂടെ ഒരുപാട് ദൂരം നടന്നിട്ടുണ്ട്. വേഷങ്ങൾ അഴിച്ചുമാറ്റിയും പ്രസ്ഥാനങ്ങൾക്ക് പല രൂപങ്ങൾ നൽകിയും ചരിത്രം മുന്നോട്ടുപോയി. ആ ചരിത്രത്തിൽ ഞങ്ങളുടെ മനസ്സിൽ ആഴത്തിൽ പതിഞ്ഞുകിടന്ന ഒരു രൂപമാണ് വർഗ്ഗീസ്. ബ്രഹ്മഗിരിയുടേയും കമ്പമലയുടേയും താഴ്‌വരയിൽ 1970 ഫെബ്രുവരിയിൽ പോലീസ് നിഷ്കരുണം വെടിവെച്ചിട്ട കേരളത്തിന്റെ ഗുവേര. അടിയോരുടെ പെരുമൻ. രാത്രികളിൽ ബ്രഹ്മഗിരിമലകളിൽ കാറ്റ് വീശുമ്പോൾ 'നീഞ്ചെ, നീഞ്ചെ വർഗ്ഗീസിന്റെ പേ നിലവിളിക്കുന്നു' എന്ന അടിയാന്റെ ആതുരമായ ഓർമ്മ.

വർഗ്ഗീസ് രക്തസാക്ഷിത്വം വരിച്ചശേഷം 28 വർഷങ്ങൾ കടന്നുപോയി. കേരളീയ നക്സൽ പ്രസ്ഥാനത്തിലെ വർഗ്ഗീസ് സംഭവം ഇപ്പോൾ വലിയ വിവാദമായി പുനർജനിച്ചിരിക്കുന്നു. ഒക്ടോബർ രണ്ടാം വാരത്തിലെ മാധ്യമം ആഴ്ചപ്പതിപ്പിൽ വന്ന ലേഖനമാണ് വിവാദത്തിന് തിരികൊളുത്തിയത്. വർഗ്ഗീസിന്റെ സഹപ്രവർത്തകനായിരുന്ന എ.വാസു നല്കിയ കത്തായിരുന്നു മാധ്യമം ലേഖനത്തിന്റെ ആധാരം.

ഇപ്പോൾ പത്രമാധ്യമങ്ങൾ മത്സരിച്ചെഴുതുകയാണ്. മാധ്യമം, മനോരമ, കേരളകൗമുദി എന്നീ പത്രങ്ങൾ പരമ്പരകൾ തന്നെ ആരംഭിച്ചുകഴിഞ്ഞു. വർഗ്ഗീസുമായി പരിചയമുണ്ടെന്ന് പറയുന്ന ഏതൊരാൾക്കും മുഖം കാണിക്കാൻ എല്ലാ പത്രങ്ങളും വാതിലുകൾ മലർക്കെ തുറന്നിട്ടിരിക്കുന്നു. ഏത് പോസിലുള്ള ഫോട്ടോ വേണമെങ്കിലും കൊടുക്കും സാർ, ഒരു വാക്കെങ്കിലും ഉരിയാടൂ! കേരളത്തിലെ മൊത്തം മലയാളപത്രങ്ങളുടെ 25% കോളങ്ങളാണ് കഴിഞ്ഞ വാരത്തിൽ വർഗ്ഗീസ് കൈയടക്കിയിരിക്കുന്നത്.

ഇപ്പോൾ ചരിത്രം ഒരു നമ്പൂതിരി ഫലിതമാകുംവിധം വർഗ്ഗീസ് വാർത്തകളും കുറിപ്പുകളും രാസമാറ്റംകൊള്ളുന്നത് ശ്രദ്ധിക്കുക. വർഗ്ഗീസിൽനിന്ന് ആരംഭിച്ച് മനോരമ അഡിഗറുടേയും ചേക്കുവിന്റേയും മാത്തിൽ മത്താന്റേയും 'രക്തസാക്ഷി'ത്വത്തിലേക്ക് കേരളത്തെ കൂട്ടിക്കൊണ്ടുപോകാൻ തുടങ്ങിയിരിക്കുന്നു. നക്സലിസം ഉന്മൂലനം ചെയ്തവരുടെ വിലാപഗീതങ്ങൾകൊണ്ട് മനോരമ പത്രം മുഖരിതമാവുകയാണ്. മനോരമ പിഴിഞ്ഞാൽ ഒരുകുടം കണ്ണീർ. മനോരമയുടെ കുറ്റാന്വേഷണ ലേഖകന്മാർ ഇന്ത്യാചരിത്രത്തെ മുഴുവൻ ഈ രീതിയിൽ പോസ്റ്റുമോർട്ടം ചെയ്തിരുന്നെങ്കിൽ; 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം എത്ര വെള്ളക്കാരെയും അവർക്ക് പിമ്പുകളായി പ്രവർത്തിച്ച എത്ര നാടൻ പ്രമാണിമാരെയും പട്ടാളക്കാരെയുമാണ് വെടിവെച്ചിട്ടത്. ഗാന്ധിജി അഹിംസാമന്ത്രം ഉരുവിടുമ്പോഴും ക്വിറ്റിന്ത്യാ സമരത്തിലും മറ്റു സ്വാതന്ത്ര്യസമരത്തിലും എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്. കമ്യൂണിസ്റ്റ് മുന്നേറ്റത്തിലും എത്രപേർ ചതഞ്ഞരഞ്ഞു. ഉദാരവും വിശാലവുമായ മനോരമയുടെ ഈ കാഴ്ചപ്പാട് വെച്ചുനോക്കിയാൽ സുഭാഷ് ചന്ദ്രബോസും ഭഗവത്സിംഗുമെല്ലാം കൊലയാളികളാണ്, വിപ്ലവകാരികളല്ല.

ഇതിനിടയിൽ ദേശാഭിമാനി പത്രവും അണ്ണാറക്കണ്ണനും തന്നാലായത് എന്ന രീതിയിൽ 'വർഗ്ഗീസിനെ' കൈകാര്യം ചെയ്യുന്നുണ്ട്.

ഒക്ടോബർ 31-ലെ ദേശാഭിമാനി പത്രത്തിൽ ദേശാഭിമാനിയുടെ കുറ്റാന്വേഷണവിദഗ്ദ്ധന്മാർ വർഗ്ഗീസ് സംഭവത്തിലെ രണ്ട് കുറ്റവാളികളെ കൈയോടെ പിടികൂടിയിരിക്കുന്നു. എ.വാസുവും വർഗ്ഗീസിനെ വെടിവെച്ചുവെന്ന സത്യം പറഞ്ഞ രാമചന്ദ്രൻ നായർ എന്ന പോലീസുകാരനും. അബൂബക്കർ എന്ന് പേർ വെച്ചെഴുതിയ പ്രസ്തുത കുറിപ്പിൽ എ.വാസു ഇത്രയുംകാലം ഈ സംഭവം മൂടിവെച്ചതിന് പിന്നിൽ അപകടകരമായ രഹസ്യങ്ങളുണ്ടെന്ന് പറയാതെ പറഞ്ഞുവെക്കുന്നു. എ.വാസു മനോരമയുടെ പ്രിയംവദയാണെന്നും ലേഖകൻ കണ്ടെത്തുന്നു. സംഭവം വെളിച്ചത്തുകൊണ്ടുവന്ന പോലീസുകാരനെയും വർഗ്ഗീസിന്റെ സഹപ്രവർത്തകനായ വാസുവിനെയും വിചാരണ ചെയ്യാനാണ് തുടക്കംമുതൽ മാർക്സിസ്റ്റ് പാർട്ടി ശ്രമിച്ചത്. നായനാരും അച്യുതാനന്ദനും അതിനു തീകൊടുക്കുകയും ചെയ്തു. മാത്രമല്ല, വർഗ്ഗീസ് മരിച്ചകാലത്തുതന്നെ വർഗ്ഗീസിനെ പോലീസ് പീഡിപ്പിച്ചുകൊന്നതാണെന്ന സത്യം തങ്ങൾ വിളിച്ചുപറഞ്ഞിരുന്നുവെന്ന് പാർട്ടി ആണയിടുകയും ചെയ്യുന്നു. എന്നാൽ, ഇപ്പോൾ ഈ കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തുന്നതല്ല എന്ന് കൂട്ടിച്ചേർക്കുകയും ചെയ്യുന്നു.



ശരി സഖാവേ, അന്ന് നിങ്ങൾ വിളിച്ചുപറഞ്ഞിരുന്നു. ഞങ്ങൾ അത് അംഗീകരിക്കുകയും ചെയ്യുന്നു. ആ കാര്യം തെളിവുസഹിതം ഒരു പോലീസുകാരൻ പറയുമ്പോൾ ആ പോലീസുകാരനെ കടന്നാക്രമിക്കുന്നതെന്തിനാണ്. അത് ഏതുതരം നീതിബോധമാണ്. നിങ്ങൾ അന്നേ പറഞ്ഞത് ഇന്ന് ലോകം അംഗീകരിക്കുംവിധം ഒരു സത്യമായപ്പോൾ സഖാവെ എന്തിന് പിന്തിരിഞ്ഞ് മനോരമയുടെ രീതിയിൽ പ്രതികരിക്കുന്നു.

മറ്റൊരു പ്രശ്നം, ഇപ്പോൾ ഈ വിഷയം കോടതിയുടെ മുമ്പിൽ കൊണ്ടുവരുന്നതിൽ കാര്യമുണ്ടോയെന്നതാണ്. ഫലമുണ്ടോയെന്നത് രണ്ടാമത്തെ ചോദ്യമാണ്.

കോടതിയുടെ കണ്ണുകെട്ടി കിരാതമായ ഒരു മനുഷ്യാവകാശലംഘനത്തെ, അത് അല്പം പഴയതായാലും കോടതിക്ക് അഭിമുഖം നിർത്തുകതന്നെ വേണം. ഇപ്പോഴും രണ്ടാം ലോകമഹായുദ്ധത്തിലെ ഫാസിസ്റ്റ് - നാസിസ്റ്റ് കക്ഷികളിൽപ്പെട്ടവരെ വിചാരണ ചെയ്യുന്നുണ്ടല്ലോ.

വർഗ്ഗീസ് സംഭവത്തെ യക്ഷിക്കഥകളും അപസർപ്പക നോവലുകളുമാക്കുന്നതിൽ നാം ഖേദിക്കുക. എന്നാൽ, കഴിഞ്ഞവാരങ്ങളിൽ കേരളീയ മനസ്സുകളെ എങ്ങനെ ഈ സംഭവം മാന്ത്രികമായി പിടിച്ചടക്കി എന്നത് പത്രങ്ങളുടെ സെൻസേഷണൽ ചെപ്പടി വിദ്യകളാണെന്ന് പറയാതിരിക്കുക. കാരണം, രാഷ്ട്രീയവും സംസ്കാരവും അത്രമാത്രം ചീഞ്ഞളിഞ്ഞ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അധികാരവുമായുള്ള അടങ്ങാത്ത മധുവിധുവാണ് ഇന്നിന്റെ രാഷ്ട്രീയം. എല്ലാ നൈതികമൂല്യങ്ങളേയും ശിലായുഗത്തിലേക്ക് നാടുകടത്തിക്കൊണ്ട് ആധുനിക നാഗരികമൂല്യങ്ങൾ കൊടികുത്തിവാഴുകയാണ്. ജീർണ്ണതയുടെ ഈ പരമകാഷ്ഠയിലാണ് പതിറ്റാണ്ടുകളുടെ ചാരംമൂടിയ ഒരു അദൃശ്യ കഥയിൽനിന്ന് വർഗ്ഗീസ് കേരളത്തിന്റെ സമൂഹമനസ്സിനെ ഭൂതാവേശം ചെയ്തത്.

തിന്മയുടെ മൂല്യങ്ങളെ ശാരീരികമായി ഉന്മൂലനം ചെയ്യാനാകില്ലെന്ന് ഇന്ന് നാം മനസ്സിലാക്കുന്നു. വർഗ്ഗീസിനുശേഷം നക്സലിസം ഈ ഒരു തിരിച്ചറിവിലൂടെ കടന്നുപോയിട്ടുണ്ട്. അത് പല കഷണങ്ങളായി, കൊത്തുകോഴികളെപ്പോലെ തമ്മിലടിച്ചുകൊണ്ട് മൂല്യശോഷണത്തിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യുകയും ചെയ്യുന്നു. ചരിത്രം തിരിച്ചുപിടിക്കുന്ന ഇത്തരം ഊഷ്മളമായ ഓർമ്മകൾ എപ്പോഴും ഇതുപോലുള്ള വൃദ്ധകാലങ്ങൾക്ക് ഊർജ്ജം പകരും. ഈ ഊർജ്ജം വർഗ്ഗീസിന്റെ പുനരവതാരങ്ങൾക്ക് വേണ്ടിയല്ല കാത്തിരുന്നത്. വർഗ്ഗീസ് ജീവിച്ച അതേ ജീവിതം ഇനി ആരും ജീവിക്കണമെന്നുമില്ല. എന്നാൽ, കേരളീയ ചരിത്രം വർഗ്ഗീസിനെക്കൂടി ഹൃദയസ്പർശിയാംവിധം പൂരിപ്പിച്ചുകൊണ്ടാണ് കടന്നുപോയത് എന്ന യാഥാർത്ഥ്യം കേരളത്തെ ഓർമിപ്പിക്കുന്നതിലൂടെ കേരളത്തിന്റെ ശരീരകോശങ്ങൾ ഊർജ്ജസ്വലമാവും. ജീർണ്ണമൂല്യങ്ങളെ പ്രതിരോധിക്കാവുന്ന നീരുറവുകൾ ഉടലെടുക്കുകയും ചെയ്തേക്കാം. വർഗ്ഗീസിന്റെ സൈദ്ധാന്തിക നിലപാടുകളെ വിമർശനപരമായി വിലയിരുത്തിക്കൊണ്ട് ഒരു ആദർശത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ആ മഹത്വത്തെ നമുക്ക് സ്വാംശീകരിക്കാനാവും.